**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5696** **13-08-2021 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പുനർഗേഹം പദ്ധതിയിലൂടെ നാളിതുവരെ എത്ര കുടുംബങ്ങൾക്ക് വീട് നൽകാൻ സാധിച്ചിട്ടുണ്ട്; ഈ പദ്ധതി കൂട്ടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (എ) | പുനർഗേഹം പദ്ധതി പ്രകാരം മാറി താമസിക്കാൻ തയ്യാറായ 7692 കുടുംബങ്ങളിൽ ഭവന നിർമ്മാണത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയ 2275 ഗുണഭോക്താക്കളുടെ ഭൂമി വില ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി അംഗീകരി ക്കുകയും ആയതിൽ 1634 പേർ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 1156 പേർ ഭവന നിർമ്മാണം ആരംഭിക്കുകയും 428 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1174 കുടുംബങ്ങളെ പുനരധിവസിപ്പിക്കു ന്നതിനുള്ള ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. പദ്ധതിയുടെ കാര്യക്ഷമമായ നിർവ്വഹണ ത്തിനായി 9 തീരദേശ ജില്ലകളിൽ 9 കോ-ഓർഡിനേറ്ററെയും 80 മോട്ടിവേറ്റർമാരെയും താത്കാലികമായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ജില്ലാ ഫിഷറീസ് ഓഫീസർ ജില്ലാതല നിർവ്വഹണ ഉദ്യോഗസ്ഥനും പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സംസ്ഥാനതല കോ-ഓർഡിനേറ്ററും ആണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി വകുപ്പുതല സ്റ്റീയറിങ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ കൂടുകയും ബന്ധപ്പെട്ട തലങ്ങളിൽ കൃത്യമായ അവലോകനങ്ങൾ നടത്തി പദ്ധതി കാര്യ ക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു |

സെക്ഷൻ ഓഫീസർ